# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

മംഗളവാർത്ത ഒന്നാം ഞായർ

2023
ഡിസംബർ 03




# ദൈവത്തിന്റെ പൈലറ്റ് വാഹനം

**ഉത്പ 17: 1-5, 15-19; മലാ 2:17-3-5; ഹെബ്രാ 11: 1-12; ലൂക്ക 1:5-20**

ബാലചന്ദ്രൻ ചുള്ളിക്കാട് തന്റെ ഒരു കവിതയിൽ കരകവിയുന്ന കാത്തിരിപ്പിന്റെ കടലിനേക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മനുഷ്യജീവിതമെന്നത് കാത്തിരിപ്പിന്റെ സുവിശേഷമാണ്. അതിൽ നാളയെക്കുറിച്ചുള്ള പ്രതീക്ഷയുണ്ട്, വർത്തമാനകാലത്തെ കഠിനതകളെ അതിജീവിക്കുന്ന പ്രത്യാശയുണ്ട്. മരുജീവിതത്തിനപ്പുറമുള്ള കാനാൻ സ്വപ്നമുണ്ട്. അങ്ങിനെ കാത്തിരിപ്പ് മനുഷ്യജീവിതത്തിന് സവിശേഷമായ ഭംഗി നൽകുന്നു എന്ന് വേണം കരുതാൻ. പുനരുദ്ധാന പ്രതീക്ഷകൾ നൽകുന്ന ആത്മീയ കാത്തിരിപ്പിലാണ് അതിന്റെ ശ്രേഷ്ഠത.

## എലിസബത്തിന്റെ കാത്തിരിപ്പ്, സഖറിയായുടെയും

ലോകം ഒരു രക്ഷകന് വേണ്ടി കാത്തിരിക്കുകയായിരുന്നു. ആ രക്ഷകന്റെ വരവിന് മുന്നോടിയായി ദൈവം അയച്ച പൈലറ്റ് വാഹനമാണ് സ്നാപക യോഹന്നാൻ. വഴിയൊരുക്കലാണല്ലോ പൈലറ്റ് വാഹനത്തിന്റെ പ്രധാന ദൗത്യം.

ആ സ്നാപകനാകട്ടെ മറ്റൊരു കാത്തിരിപ്പിന്റെ പൂർത്തീകരണ മാണ്. എലിസബത്തിന്റെയും സഖറിയായുടെയും ദീർഘനാളായുള്ള ക്ഷമാപൂർവമുള്ള കാത്തിരിപ്പിന് ദൈവം നൽകിയ പ്രത്യുത്തരമാണ് യോഹന്നാൻ.

അവർ നീതിനിഷ്ഠരായിരുന്നു എന്നല്ല, ദൈവതിരുമുമ്പിൽ നീതിനിഷ്ഠരായിരുന്നു എന്നാണ് ബൈബിൾ തറപ്പിച്ച് പറയുന്നത്. ലോക ദൃഷ്ടിയിൽ നല്ലവരും നീതിനിഷ്ഠരും എന്ന് പേരെടുക്കാൻ വ്യഗ്രതപ്പെടുന്നവരാണ് നാം. എന്നാൽ ദൈവതിരുമുമ്പിൽ എന്താണ് നമ്മുടെ അവസ്ഥ. നമ്മുടെ അന്തർഗതങ്ങൾ തിരിച്ചറിയുകയും വികാരങ്ങളും വിചാരങ്ങളും വിവേചിച്ചറിയുകയും ചെയ്യുന്ന ദൈവത്തിന് മുന്നിൽ എന്താണ് നമ്മുടെ മൂല്യം?

ദൈവത്തെ സ്നേഹിച്ചും സേവിച്ചും കഴിഞ്ഞിട്ടും സഖറിയായ്ക്കും എലിസബത്തിനും മക്കളുണ്ടായിരുന്നില്ല.

എന്തുകൊണ്ട് ദൈവം നമ്മളെ അവഗണിക്കുന്നു? എന്തുകൊണ്ട് കഷ്ടപ്പാടുകളും ദുരിതങ്ങളും മാത്രം തരുന്നു? വിശ്വാസികളെന്ന് മേനി നടിക്കുന്ന നാം പലപ്പോഴും ചോദിക്കുന്ന ചോദ്യമാണിത്. നീതിനിഷ്ഠരായിരുന്ന സക്കറിയയും എലിസബത്തും ഒരിക്കലും ഈ ചോദ്യം ഉന്നയിക്കുന്നില്ല. പകരം അവർ പ്രാർത്ഥനയിൽ തുടർന്നു. മനസു മടുക്കാതെ ദൈവാനുഗ്രഹത്തിനായി കാത്തിരുന്നു. നിരാശയിൽ നിപതിച്ച് ദൈവകരത്തിന്മേലുള്ള പിടിവിടാൻ അവർ തയ്യാറായില്ല. അതിനാൽ തന്നെ കർത്താവിന്റെ കരം അവരോട് കൂടെ ഉണ്ടായിരുന്നു. വിശ്വാസത്തിൽ




ജിജോ സിറിയക്ക്

ആഴപ്പെട്ട് ദൈവപരിപാലനയിൽ ആശ്രയിക്കുന്നവരെ അവിടുന്ന് തക്കസമയത്ത് ഉയർത്തുമെന്നതിന്റെ സാക്ഷ്യം കൂടിയാണ് ഇത്.

അക്കാലത്ത് മക്കളില്ലാത്തത് ഒരു ദൈവശാപമായാണ് കരുതിയിരുന്നതെന്ന് നാം ഓർക്കണം. സമൂഹത്തിൽ അവർ പലപ്പോഴും അവഹേളനത്തിന് പാത്രമായിട്ടുണ്ടാക്കണം. കർത്താവിനെ ശുശ്രൂഷിച്ചിട്ട് അവർ ക്കെന്ത് കിട്ടി? നീതിനിഷ്ഠയോടെ ജീവിച്ചിട്ടും ദൈവം അവരെ ശപിച്ചില്ലേ... എന്നിങ്ങനെ ചുറ്റുമുള്ളവർ പരസ്പരം പറഞ്ഞിരിക്കാം...

ഇത്തരം മുൻവിധികൾ നമ്മുടെ സമൂഹത്തിലും ഉണ്ട്. ഒരാളുടെ ജീവിതത്തിലുണ്ടാകുന്ന ഗതിവിഗതികളെ മാറി നിന്ന് വിമർശിക്കാനും അതെല്ലാം ദൈവശിക്ഷയാണെന്ന് വിധിക്കാനും പലപ്പോഴും നമ്മൾ ഉത്സാഹിക്കാറുണ്ട്. സക്കറിയ ധൂപാർപ്പണത്തിനായി പ്രവേശിച്ച നേരം പുറത്ത് സമൂഹം മുഴുവനും പ്രാർത്ഥിക്കുകയായിരുന്നു എന്നത് നാം പ്രത്യേകം ഓർക്കണം. ആ പ്രാർത്ഥനയാണ് ഇത്തരം സന്ദർഭങ്ങളിൽ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

## വൈകുമ്പോൾ ഇരട്ടി സന്തോഷം

പ്രതീക്ഷിച്ച നേരത്ത് ആഗ്രഹിച്ച കാര്യങ്ങൾ കിട്ടുമ്പോൾ നാം സന്തോഷിക്കാറുണ്ട്... അത് കിട്ടാതെ വരുമ്പോൾ സങ്കടപ്പെടാറുമുണ്ട്... കിട്ടാതെ വന്നവ അപ്രതീക്ഷിതമായി കിട്ടുമ്പോഴുള്ള സന്തോഷം നമുക്ക് പറഞ്ഞറിയിക്കാൻ പറ്റിയെന്നു വരില്ല. വൈകി ജനിച്ച ഒട്ടനവധി പേരെ നാം ബൈബിളിൽ കണ്ട് മുട്ടുന്നുണ്ട്. ഇസഹാക്ക്, യാക്കോബ്, ജോസഫ്, സാംസൺ, സാമുവേൽ അങ്ങിനെ ആ നിര നീണ്ടുപോകുന്നു. അവരുടെ ജനനത്തിലെ അസാധാരണത്തം അവരുടെ ജീവിതത്തിലും പ്രതിഫലിച്ചു. ദൈവത്തിന്റെ സവിശേഷമായ കൈയൊപ്പോടെ പിറന്നവരായിരുന്നു അവരെല്ലാം.

യോഹന്നാന്റേതും സവിശേഷമായ ജന്മമായിരുന്നു. വസ്ത്രത്തിലും കാഴ്ചപ്പാടിലും നിലപാടുകളിലും, എന്തിന് ഭക്ഷണരീതിയിൽ പോലും അവൻ വ്യത്യസ്തനായിരുന്നു.

ഗർഭിണിയായപ്പോൾ എലിസബത്തും ഇരട്ടി സന്തോഷം അനുഭവിച്ചിരിക്കണം. മനുഷ്യർക്കിടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കികളയാൻ കർത്താവ് എന്നെ കടാക്ഷിച്ചു എന്ന് പറഞ്ഞാണ് അവൾ ദൈവ ത്തെ മഹത്വപ്പെടുത്തുന്നത്.

## ജനിക്കുംമുമ്പേ പേരു ലഭിച്ചവൻ

കുട്ടികൾക്ക് പേരിടൽ പലപ്പോഴും കലഹത്തിലാണ് കലാശിക്കുന്നത്. ഭാര്യയും ഭർത്താവും തമ്മിൽ മാത്രമല്ല, ഇരു വീട്ടുകാരും തമ്മിൽ ഇതേച്ചൊല്ലി കലഹിച്ച സംഭവങ്ങൾ ധാരാളമുണ്ട്.

യേശുവിനെപ്പോലെ യോഹന്നാനും ജനിക്കും മുമ്പേ പേരു ലഭിച്ചയാളാണ്. ദൈവം കൃപ കാണിച്ചിരിക്കുന്നു എന്നാണ് യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം. അത് കേവലം സഖറിയായോടും എലിസബത്തിനോടും ഉള്ള കൃപയല്ല, ലോകത്തോട് മുഴുവനുമുള്ള ദൈവ കൃപയാണ്. അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. തന്റെ പേരിനോട് നൂറു ശതമാനവും നീതി പുലർത്തി യോഹന്നാൻ ജീവിച്ചു, എന്തിന് ആ മരണം പോലും തന്റെ സവിശേഷ ജനനത്തോടുള്ള നീതി പുലർത്തലായിരുന്നു.

രണ്ട് കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. നമ്മുടെ പേരിനോട്, അതിന് കാരണഭൂതരായ വിശുദ്ധാത്മാക്കളോട് നീതി പുലർത്തുന്നതാണോ നമ്മുടെ ജീവിതം? അതുപോലെ തന്നെ നമ്മുടെ മക്കളുടെയും പേരക്കുട്ടികളുടെയും പേരുകൾ കേവല കൗതുകത്തിനും കേൾവി സുഖത്തിനുമപ്പുറം ദൈവഹിതത്തിന് ചേർന്നതാണോ? ആത്മീയ സൗരഭമുള്ള പേരുകൾ സമീപകാലത്ത് നമുക്ക് കൈമോശം വരുന്നുണ്ടോ? ഒരാത്മശോധന നല്ലതാണെന്ന് തോന്നുന്നു.

## ഭയപ്പെടേണ്ട

തന്നെ കണ്ട് ഭയന്നുപോയ സക്കറിയായോട് ദൈവദൂതൻ പറയുന്നു: സക്കറിയാ, ഭയപ്പെടേണ്ട, ദൈവം നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു.

നമ്മുടെ ജീവിതത്തിൽ അസാധാരണ സംഭവങ്ങൾ അരങ്ങേറുമ്പോൾ പലപ്പോഴും നാം പതറിപ്പോവുകയും ചകിതരാവുകയും ചെയ്യും. എന്നാൽ ദൈവത്തിന് പൂർണമായും വിട്ടുകൊടുക്കാൻ കഴിയുന്ന നിമിഷം ഭയവും സംശയവുമെല്ലാം നമ്മളെ വിട്ടൊഴിയും.സക്കറിയായുടെ സംശയം വായ്ക്ക് പൂട്ടായി പരിണമിക്കുന്നു. അതേ സമയം തന്നെ പുറത്തു നിൽക്കുന്ന ജനത്തിന് ദൈവിക ഇടപെടലിന്റെ അടയാളമായും അത് മാറുന്നു. ആത്മീയദർശനം ലഭിച്ചവൻ തന്നിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുന്നു എന്നും പറയാം.

അവർക്ക് പിറന്ന കുഞ്ഞിന്റെ പേര് പലകയിൽ യോഹന്നാൻ എന്ന് എഴുതിക്കാട്ടാൻ നിമിത്തമായതും സക്കറിയയ്ക്ക് സ്വരം നഷ്ടമായതുകൊണ്ടാണ്. അങ്ങനെ സ്നാപകന്റെ ജനനത്തിലെ അനന്യത ജനങ്ങൾക്കിടയിൽ ചർച്ചയാകുന്നു. ശബ്ദം തിരിച്ചുകിട്ടിയ സക്കറിയ പഴയ സക്കറിയ അല്ല.

കൂടുതൽ ആഴത്തിൽ ദൈവത്തെ അറിഞ്ഞ ഒരു സക്കറിയ ആണത്. യോഹന്നാനെപ്പോലെ സവിശേഷതയുള്ള ഒരു മകനെ വളർത്താനായി ദൈവം അവരെ ഒരുക്കുകയായിരുന്നു എന്ന് വേണം കരുതാൻ.

മാതൃത്വവും പിതൃത്വവും ഒരു ദൈവിക ദൗത്യമാണെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. കുഞ്ഞുങ്ങൾ ഭാരമാണെന്ന് കരുതുന്ന ഒരു തലമുറയുടെ മുന്നിൽ നല്ല മാതാപിതാക്കളുടെ മാതൃക പരമപ്രധാനമാണ്... ഭയപ്പെടാതെ ദൈവത്തോട് ചേർന്ന് നിൽക്കാനും അവിടുത്തെ വചനങ്ങളിൽ വിശ്വസിക്കാനും വാഗ്ദാനങ്ങളിൽ അവിടുന്ന് വിശ്വസ്തനാണെന്ന് തിരിച്ചറിയാനും നമുക്ക് കഴിയണം.

എല്ലാറ്റിലുമുപരി ദൈവിക പദ്ധതിക്കായി നമ്മളെ വിട്ടുകൊടുക്കാൻ നമുക്ക് കഴിയണം... അപ്പോൾ സക്കറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ സംഭവിച്ചതുപോലുള്ള ദൈവിക ഇടപെടൽ നമ്മുടെ ജീവിതത്തിലും ഉണ്ടാകും... ക്രിസ്തുവിന്റെ പൈലറ്റ് വാഹനമായി നമ്മളും നമ്മുടെ മക്കളും മാറും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com